# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-4347 22.07.2015-ൽ മറുപടി നൽകേണ്ടത്

### കേസുകൾ പിൻവലിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി. |
| (എ) പോലീസ് നിയമാനുസൃതം എടുക്കുന്ന കേസുകൾ പിൻവലിക്കാൻ സർക്കാർ കോടതിയോടാവശ്യപ്പെടുന്നത് ഏത് നിയമവ്യവസ്ഥകളുടെയും മാനദണ്ഡങ്ങ ളുടെയും അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ; | (എ) ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നത്. |
| (ബി) പ്രസ്തുത അധികാരം ദുർവിനിയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) മുൻചീഫ് സെക്രട്ടറി സി.പി.നായരെ വധിക്കാൻ ശ്രമിച്ച കേസ് പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ച് കോടതിയോടാ വശ്യപ്പെടുകയുണ്ടായിട്ടുണ്ടോ; ആരുടെ ആവശ്യത്തിന്മേൽ, ആരുടെ ശിപാർശ പ്രകാരമായിരുന്നു പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) 24532/എൽ2/2015/ആഭ്യന്തരം കത്ത് പ്രകാരം സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ശ്രീ.ജ്യോതിപ്രസാദ് @വെട്ടൂർ ജ്യോതിപ്രസാദ് ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രിയ്ക്ക് സമർപ്പിച്ചതും റവന്യൂ & കയർ വകുപ്പു മന്ത്രി മുഖേന സമർപ്പിച്ചതുമായ അപേക്ഷകളിന്മേൽ നിയമ വകുപ്പി ന്റേയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റേയും അഭിപ്രായം ആരാഞ്ഞ ശേഷമാണ് സമ്മതപത്രം നൽകിയിട്ടുള്ളത്. |

(ഡി) വിചാരണ ആരംഭിച്ചതുൾപ്പെടെയുള്ള കേസുകൾ പിൻവലിക്കുന്നത് അധികാര ദുർവിനിയോഗമാണെന്ന വാദം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ല.വിചാരണയിലിരിക്കുന്ന കേസുകൾ പിൻവലിക്കുന്നതിനുള്ള നിരാക്ഷേപ പത്രമാണ് സർക്കാർ നൽകുന്നത്. കേസുകൾ പിൻവലിക്കുന്നത് ബഹു.കോടതിയാണ്.

(ഇ) ഈ സർക്കാർ കേസ് പിൻവലിക്കാൻ പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ; വിജിലൻസ് കേസുകൾ പിൻവലിക്കാൻ പുറപ്പെടുവിച്ച ഉത്തരവുകൾ എത്ര യെന്നറിയിക്കുമോ?

(ഇ) 5089 കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്.
12 വിജിലൻസ് കേസുകൾ.

സെക്ഷൻ ഓഫീസർ